പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 645** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പുനലൂർ നിയോജക മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ്

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പുനലൂർ നിയോജക മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് അംബേദ്കർ ഗ്രാമം പദ്ധതി അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പട്ടികജാതി നഗറുകളിലാണ് പ്രസ്തുത പദ്ധതി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്ത് പുനലൂർ നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം തെരഞ്ഞടുക്കപ്പെട്ട കൊമ്പേറ്റിമല നഗർ (2021-22), ഇലവും കുന്ന് ഓലിയരുക് ഗ്രാമം(2022-23), ഓലപ്പാറ ഗ്രാമം (2023-24) എന്നിവയുടെ നിർവഹണച്ചുമതല സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിനാണ്. നിർമ്മാണപ്രവർത്തികൾ പുരോഗമിക്കുന്നു. 2023-24 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട നടുകുന്നിൻപുറം നഗറിന്റെ നിർവഹണച്ചുമതല ജില്ലാ നിർമ്മിതി കേന്ദ്രത്തിനാണ്.

**(ബി)** പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പുനലൂർ മണ്ഡലത്തിൽ ഓരോ പട്ടികജാതി നഗറുകളിലും നടന്നുവരുന്ന പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഏത് വകുപ്പിനാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്.

**(സി)** പുനലൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച ഏതെങ്കിലും പട്ടികജാതി നഗറുകളിൽ പ്രവൃത്തികൾ ആരംഭിക്കാനുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഭരണാനുമതി നൽകിയിട്ടുള്ള 3 നഗറുകളിലും പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. നടുകുന്നിൻപുറം നഗറിന്റെ എസ്റ്റിമേറ്റ് മോണിറ്ററിംഗ് കമ്മറ്റി കൂടി അംഗീകരിക്കുന്ന പക്ഷം ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**